# ചേകനൂർ മൗലവിയുടെ ഹദീഥ് നിഷേധം

അബ്ദുൽ മാലിക് മൊറയൂർ

സമ്പൂർണ്ണ ഹദീഥ് നിഷേധത്തിലൂടെ ഇസ്‌ലാമിന്റെ അടിസ്ഥാന ശിലകളെ തകർത്ത് തരിപ്പണമാക്കാൻ ശ്രമം നടത്തി, ഒരു പിരഷ്കരണ വാദി ചമഞ്ഞ് കേരളത്തിൽ ഓടി നടന്ന ഒരു വ്യക്തിയായിരുന്നു പി.കെ. മുഹമ്മദ് അബുൽ ഹസൻ എന്ന ചേകന്നൂർ മൗലവി. മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്കിലെ ചേകന്നൂർ ഗ്രാമത്തിൽ ജനിച്ച അദ്ദേഹത്തിന്റെ പേരാണ് ഹദീഥ് നിഷേധവുമായി ബന്ധപ്പെട്ട് ഏറെ കേളികേട്ടത്. പള്ളി ദർസുകളിലും വെല്ലൂരിലും പഠിച്ചിറങ്ങിയ ചേകന്നൂർ ശാന്തപുരത്തും എടവണ്ണയിലും അധ്യാപകനായി ജോലി നോക്കി എങ്കിലും തന്റെ നവീന പാതയിലൂടെയുള്ള സഞ്ചാരം നിമിത്തം അവിടെ നിന്നെല്ലാം ഇറങ്ങിപ്പോരേണ്ടിവന്നു. തൊള്ളായിരത്തി അറുപതുകളിലാണ് ചേകന്നൂരിന്റെ തനിനിറം കേരള ജനത അറിയാൻ തുടങ്ങിയത്. ഇജ്മാഇനേയും ഖിയാസിനേയും നിഷേധിച്ച് തുടക്കമിട്ട തന്റെ നൂതനവാദങ്ങൾ അവസാനം സർവ്വമത സത്യവാദമെന്ന വ്യക്തമായ കുഫ്‌രിയ്യത്തിലാണ് അവസാനിച്ചത്.

ഒറ്റയാനായി പ്രവർത്തനം ആരംഭിച്ച ചേകന്നൂരിന് തുടക്കത്തിൽ ചില അനുയായികളെ കിട്ടിയിരുന്നു. അങ്ങനെ വിരലിലെണ്ണാവുന്ന അത്തരം ആളുകളേയും കൂട്ടി തന്റെ നവീനാശയങ്ങൾ ജനമധ്യത്തിൽ വിളമ്പുന്നതിനായി 1967ൽ 'നിരീക്ഷണം' എന്ന പേരിൽ ഒരു മാസിക പ്രസിദ്ധീകരിച്ചു. ആയിടക്കാണ് ഉത്തരേന്ത്യൻ മോഡേൺ ഏജ് സൊസൈറ്റിയുടെ നേതാവ് ഹമീദ് ദൽവായി കേരളം സന്ദർശിച്ചത്. അദ്ദേഹം കോഴിക്കോട് വെച്ച് ചില മോഡേണിസ്റ്റുകളുമായി കൂടിക്കാഴ്ച നടത്തുകയും മോഡേണിസത്തിന്റെ പേരിൽ ഒരു സംഘടനക്ക് രൂപം നൽകുകയും ചെയ്തു. അങ്ങിനെ 1970 സെപ്തംബർ 25ന് കോഴിക്കോട് ടൗൺഹാളിൽ വെച്ച് ഇസ്‌ലാം ആന്റ് മോഡേൺ ഏജ് സൊസൈറ്റി എന്ന സംഘടന ജന്മമെടുത്തു. ബുദ്ധിജീവിപട്ടം ചമഞ്ഞിരുന്ന ചില മോഡേണിസ്റ്റുകളാണ് അതിന്റെ പിന്നിലു ായിരുന്നത്. ചേകന്നൂരിനെ കൂടാതെ ബഹാഉദ്ദീൻ, ടി. അബ്ദുൽ അസീസ്, എൻ.പി. മുഹമ്മദ്, മങ്കട അബ്ദുൽ അസീസ്, പക്കർ കോയ, ഇ.എ. കോയ, എൻ.എം. കോയക്കുട്ടി, മൂസാബക്കർ, ആനക്കയം ചേക്കുട്ടി ഹാജി തുടങ്ങിയവരായിരുന്നു അതിൽ ആദ്യ അംഗങ്ങളായി ഉണ്ടായിരുന്നത്. സംഘടനാ രൂപത്തിൽ പ്രവർത്തനം തുടങ്ങിയ ഇക്കൂട്ടർ തങ്ങളുടെ ഒരു മുഖപത്രമെന്ന നിലയിൽ ചേകന്നൂർ വ്യക്തിപരമായി നടത്തിക്കൊണ്ടിരുന്ന 'നിരീക്ഷണം' മാസിക ഏറ്റെടുത്ത് പ്രസിദ്ധീകരിക്കാൻ തുടങ്ങി. എന്നാൽ വെറും നാല് ലക്കങ്ങൾ മാത്രമേ അവർക്കത് പ്രസിദ്ധീകരിക്കാനായുള്ളൂ. അപ്പോഴേക്കും സാമ്പത്തിക ഞെരുക്കവും വരിക്കാരുടെ കുറവുംമൂലം അത് പൂട്ടേണ്ടി വന്നു. ഈ സൊസൈറ്റിക്കാരുടെ പ്രവർത്തനങ്ങളോട് എം.ഇ.എസ്. ആദ്യകാലത്ത് ആഭിമുഖ്യം പുലർത്തിയിരുന്നുവെന്നത് ഈ മോഡേണിസ്റ്റുകൾക്കൊരു താങ്ങായിരുന്നു. എന്നാൽ ഈ സൊസൈറ്റിയിൽ നിന്ന് അംഗങ്ങളുടെ കൊഴിഞ്ഞുപോക്കും മുസ്‌ലിം ലീഗിന്റെ സമ്മർദ്ദവും കാരണം എം.ഇ.എസിന് നിലപാട് മാറ്റേണ്ടിവന്നു. അതോടുകൂടി പിശാചിന്റെ ഈ നൗകയെ കരയോടടുപ്പിക്കാൻ സാധ്യമല്ലെന്ന് ശരിക്കും ഗ്രഹിച്ച ചേകന്നൂർ മതരംഗത്തു നിന്നും മുങ്ങുന്നതാണ് പിന്നെ നാം കണ്ടത്. ചേകന്നൂർ തന്നെ അക്കാര്യം വിശദീകരിക്കുന്നതുകാണുക.

''1960 മുതൽ 70 വരെയുള്ള കാലയളവിലാണ് ഈയുള്ളവൻ ആദ്യം പ്രസ്ഥാന പ്രവർത്തനം തുടങ്ങിയത്. 'നിരീക്ഷണം' എന്ന പേരിൽ ഒരു മാസിക അക്കാലത്ത് സ്വന്തമായി നടത്തിയതുമൂലം വമ്പിച്ചൊരു സാമ്പത്തിക നഷ്ടം ഞാൻ ഒറ്റക്ക് താങ്ങേണ്ടി വന്നു......എന്റെ കൂടെ ഈ ക്വുർആനിക പ്രസ്ഥാനത്തിൽ ധൈര്യമായി ഉറച്ചുനിൽക്കാൻ പറ്റിയ ഒറ്റ പണ്ഡിതനേയും അക്കാലത്തെനിക്ക് കിട്ടിയില്ല. ഇപ്പോഴും ഈ നില മാറിയെന്ന് പറയാറായിട്ടുമില്ല. മേൽവിവരിച്ച സാഹചര്യങ്ങൾ കൊണ്ടൊക്കെയാണ് 1970ൽ നിരീക്ഷണം മാസിക നിർത്തിവെക്കാൻ ഞാൻ നിർബന്ധിതനായത്. അതിന്റെ നടത്തിപ്പും നിരന്തരമായ ആദർശ പ്രചരണപരിപാടികളും മൂലം എനിക്ക് നേരിട്ട ഭാരിച്ച നഷ്ടങ്ങളൊക്കെ സ്വന്തം സ്വത്ത് വിറ്റ് നികത്തിക്കൊണ്ടിരിക്കുന്നതിനിടയിലാണ് ഞാൻ വ്യവസായത്തിലേക്ക് തിരിയേണ്ടി വന്നത്. അങ്ങനെ റൈസ്മിൽ, ഐസ്പ്ലാന്റ്, സോമിൽ മുതലായ ചില ചെറുകിട വ്യവ

സായങ്ങൾ നടത്തിയ ശേഷം അൽപം കൂടി മെച്ചപ്പെട്ട ഒരു വ്യവസായത്തിറങ്ങാൻ തീരുമാനിച്ചു.'' *(നമസ്കാരം മൂന്ന് മാത്രം പേജ്. 36,37)*

അങ്ങിനെ തന്റെ വരട്ടുതത്വശാസ്ത്രമെല്ലാം ചെളികുണ്ടിലെറിഞ്ഞ് വ്യവസായവുമായി കാലം കഴിക്കുമ്പോഴാണ് പിശാച് വീണ്ടും ദുർമന്ത്രമോതുന്നത്. തന്റെ വ്യവസായം പൊളിഞ്ഞ് പാളീസായി കടബാധ്യതയിൽ മുങ്ങിതാണ ചേകന്നൂർ പിശാചിന്റെ കൽപനപ്രകാരം വീണ്ടും മതരംഗത്തേക്കുതന്നെ തിരിഞ്ഞു. അങ്ങനെ 1984ൽ അദ്ദേഹം വീണ്ടും രംഗത്തെത്തി. ആയിടക്ക് കോഴിക്കോട് നിന്ന് 'അൽബുർഹാൻ' എന്നൊരു മാസികയും ആരംഭിച്ചു. ഏതാനും മാസങ്ങൾക്കകം അതും പൂട്ടേണ്ടിവന്നു. അതിനുശേഷം 1985ൽ ഷാബാനുകേസ്സ് വിവാദമായപ്പോഴാണ് ചേകന്നൂർ ജനമധ്യത്തിൽ കൂടുതൽ ശ്രദ്ധിക്കപ്പെട്ടത്. അന്ന് സുപ്രീംകോടതിയെ അനുകൂലിച്ച്, ഇസ്ലാമിക ശരീഅത്തിനെ കൊഞ്ഞനം കുത്തിയും അദ്ദേഹം രചിച്ച 'ഇസ്ലാമിക ശരീഅത്തും ഇന്ത്യൻ ശരീഅത്തും സുപ്രീം കോർട്ട് വിധിയും' എന്ന പുസ്കതമാണ് അദ്ദേഹത്തിന്റെ പ്രഥമ  പുസ്തകം. തന്റെ പ്രസംഗങ്ങളും ക്ലാസ്സുകളും ആളുകൾക്കിടയിൽ ഇനിയും ക്ലച്ച് പിടിക്കുന്നില്ല എന്ന് തിരിച്ചറിഞ്ഞ ചേകന്നൂർ പിന്നീട് പുസ്തകരചനയിലേക്ക് തിരിഞ്ഞു. ഇസ്ലാമിന്റെ അടിസ്ഥാനപ്രമാണങ്ങളെ ചവിട്ടിമെതിച്ചും ഇസ്ലാമിന് വേണ്ടി ജീവൻ നൽകിയ സഹാബികളെ പരിഹസിച്ചും, പ്രവാചക വചനങ്ങളെ സമൂഹത്തിലെത്തിക്കുന്നതിനായി ജീവിതമുഴിഞ്ഞു വെച്ച സാത്വികരായ ഹദീഥ് പണ്ഡിതരെ അറുവഷളൻ രീതിയിൽ പരിഹസിച്ചും, ഇസ്ലാമിന്റെ ശത്രുക്കളായ ശിയാക്കളെ ഏറെ പുകഴ്ത്തിയും, ഇസ്ലാമിക സമൂഹത്തിന്റെ നാശം മുമ്പിൽ കണ്ടവർക്ക് മുന്നിൽ ഇസ്ലാമിനെ കുത്തിക്കീറി ചുടുരക്തം ഊറ്റിക്കുടിച്ച് ചേകന്നൂരിന്റെ തൂലിക അട്ടഹസിച്ചു. പൈശാചിക ദുർബോധനങ്ങളിൽ നിന്ന് ജന്മമെടുത്ത ചേകന്നൂരിന്റെ ഗ്രന്ഥങ്ങൾ മുഴുവനും തെറിപ്പൂരങ്ങളുടെ ഘോഷയാത്രയാണ്. പ്രതിപക്ഷ ബഹുമാനം എന്തെന്നറിയാത്ത നാണം കെട്ട ശൈലിയാണ് ചേകന്നൂർ തന്റെ ഗ്രന്ഥങ്ങളിൽ സ്വീകരിച്ചത്. അതേസമയം തന്റെ ഗ്രന്ഥങ്ങളിലെ ശൈലിയെക്കുറിച്ച് അത് ക്വുർആനിന്റെ ശൈലിയാണെന്നാണദ്ദേഹം അവകാശപ്പെടുന്നത്!! *(നമസ്കാരം മൂന്ന് മാത്രം. പേജ്. 46)* എന്നാൽ ഇതുപറഞ്ഞ അതേ ഗ്രന്ഥത്തിൽ നിന്നുതന്നെ അദ്ദേഹത്തിന്റെ ചില പ്രയോഗങ്ങൾ കാണുക!

''പടുജാഹിലാണോ സി.എൻ'' *(പേജ. 56)* ''ഇത്തരത്തിലുള്ള നിങ്ങളാണോ ഒരു സ്വതന്ത്ര മുജ്തഹിദാണെന്ന ബഡായി പറയാൻ മുതിരുന്നത്.'' *(പേജ്. 58)* ''പൂച്ച ശൈഖായി അടുക്കളയിൽ കഴിയുന്ന നിങ്ങൾക്ക്'' *(പേജ്. 59)* ''കപടമനുഷ്യാ! നിങ്ങളെപ്പോലെയുള്ള പുരോഹിതന്മാർ'' *(പേജ്. 60)* ''ലോകപൊള്ളനും ജൂതമുനാഫിഖുമായ അബൂഹുറൈറ'' *(പേജ്. 61)* ''ഈ ബഡായിക്കാരൻ'' *(പേജ്. 62)* 178 പേജുകളുള്ള ചേകന്നൂരിന്റെ *നമസ്കാരം മൂന്ന് മാത്രം* എന്ന പുസ്കതത്തിലെ 56 മുതൽ 62 വരെയുള്ള വെറും ഏഴ് പേജുകളിലെ ചില ഭാഗങ്ങളാണ് നാം കണ്ടത്. ഏഴുപേജിൽ ഇത്രയധികമുണ്ടെങ്കിൽ ഈ പുസ്തകത്തിന്റെ കാര്യം പിന്നെ പറയണോ? അദ്ദേഹത്തിന്റെ പതിനെട്ടു പുസ്തകങ്ങളുടെയും അവസ്ഥ ഇതുതന്നെയാണ്. ഈ ശൈലി ക്വുർആനിൽ നിന്നാണദ്ദേഹം മനസ്സിലാക്കിയത് എന്നു വരുമ്പോൾ അദ്ദേഹത്തിന്റെ ക്വുർആനിനെ കുറിച്ചുള്ള വിവരത്തിന്റെ ''ആഴം'' നമുക്കൂഹിക്കാമല്ലോ?

പുസ്തക രചനയുമായി കാലം കഴിക്കുന്നതിനിടക്കാണ് 1990 ആഗസ്തിൽ കോഴിക്കോട് കൽപകാ ടൂറിസ്റ്റ് ഹോമിൽ ഡോ: സി.എം. കുട്ടിയുടെ അധ്യക്ഷതയിൽ ചില ചേകന്നൂർ ഭക്തന്മാർ യോഗം ചേർന്ന് 'ക്വുർആൻ സുന്നത്ത് സൊസൈറ്റി' എന്ന പേരിലൊരു സംഘടനക്ക് രൂപം കൊടുക്കുന്നത്. സംഘടനയുടെ ആദ്യത്തെ പ്രസിഡണ്ട് ഡോ: സി.എം. കുട്ടിയും ജന: സെക്രട്ടറി ചേകന്നൂരുമായിരുന്നു. 1991ലാണ് സംഘടന രജിസ്തർ ചെയ്യുന്നത്. സുന്നത്തിനെ സ്വീകരിക്കേണ്ടതില്ല എന്ന് വാദിക്കുന്ന ഇക്കൂട്ടർ തങ്ങളുടെ സംഘടനയുടെ പേരിൽ സുന്നത്തിനെ തിരുകി കയറ്റിയത് തികച്ചും ദുരുദ്ദേശപരമാണ്. സാധാരണക്കാരായ ജനങ്ങളെ വഞ്ചിക്കുക എന്ന ഒറ്റ ഗൂഢലക്ഷ്യം മാത്രമേ അതിനുള്ളൂ. കപടത മുഖമുദ്രയാക്കിയ ഇവരിൽ നിന്ന് ഇതല്ലാതെ പ്രതീക്ഷിക്കുന്നതാണ് തെറ്റ്. ഇവരിൽ നിന്ന് അതിനെക്കുറിച്ച് ഒരു ചേകന്നൂർ ഭക്തൻ എഴുതുന്നത് നോക്കൂ. 'ക്വുർആൻ സുന്നത്ത് സൊസൈറ്റി എന്നാൽ ക്വുർആനും  നബിയുടെ സുന്നത്തും അംഗീകരിക്കുന്ന സൊസൈറ്റി എന്നല്ല അർത്ഥം. ക്വുർആന്റെ ചര്യയനുസരിച്ച് നടപടി ക്രമങ്ങൾ ചിട്ടപ്പെടുത്തുന്ന സൊസൈറ്റി എന്നാണ് വിവക്ഷ''. *(ചേകന്നൂർ മൗലവി. ജീവിതവും സന്ദേശവും എം.പി. മുഹമ്മദുണ്ണി മൗലവി. വര പബ്ലി*

*ക്കേഷൻ. കൊണ്ടോട്ടി. രണ്ടാം എഡിഷൻ പേജ്. 75)* ക്വുർആന്റെ ചര്യയനുസരിക്കുന്ന സൊസൈറ്റിയാണെങ്കിൽ ക്വുർആൻ സൊസൈറ്റി എന്നങ്ങ് പറഞ്ഞാൽ മതിയായിരുന്നല്ലോ.

ഈ കപടസൊസൈറ്റി ജന്മംകൊണ്ട ആ യോഗത്തിൽ വെച്ചുതന്നെ ക്വുർആൻ റിസർച്ച് ഫൗണ്ടേഷൻ എന്ന മറ്റൊരു സമിതിക്കുകൂടി അവർ രൂപം നൽകി. ഫൗണ്ടേഷന്റെ സെക്രട്ടറി ചേകന്നൂരായിരുന്നു. ക്വുർആൻ ഗവേഷണമെന്ന പേരിൽ ക്വുർആനിനെ കുതിര കയറുന്നതിന് ഈ ഫൗണ്ടേഷൻ ചേകന്നൂരിന് പ്രതിമാസം അയ്യായിരം രൂപ ശമ്പളം നൽകിയിരുന്നു. ആ പണം കൊണ്ടായിരുന്നു ചേകന്നൂർ ജീവിച്ചിരുന്നത്.

ആയിടക്കാണ് 1993 ജൂലായ് 29ന് ചേകന്നൂരിനെ ചിലർ തട്ടിക്കൊണ്ട് പോയത്. അദ്ദേഹത്തെ അവർ എന്തുചെയ്തു എന്നതിനെക്കുറിച്ചുള്ള മറ ഇപ്പോഴും പൂർണമായും നീങ്ങിയിട്ടില്ല. ഏതായാലും ചേകന്നൂരിന്റെ തിരോധനത്തോടെ ചേകന്നൂരിസത്തിന് നാഥനില്ലാതെയാവുകയും, മതത്തെക്കുറിച്ച് എട്ടുംപൊട്ടും തിരിയാത്ത ചേകന്നൂർ ഭക്തന്മാർ അതുമൂലം നട്ടം തിരിയുകയും ചെയ്തു. വലിയ അറിവാളന്മാർ ചമയുന്ന ഒരൊറ്റ ചേകന്നൂരിക്കും എന്തിനധികം അവരിലെ നേതാക്കളെന്ന തലക്കനത്തോടെ നടക്കുന്ന ചില 'അറിവാളന്മാർ'ക്കുവരെ ക്വുർആൻ നേരാം വണ്ണം പാരായണം ചെയ്യാൻ പോലുമാവില്ലെന്ന യാഥാർത്ഥ്യം നമ്മൾ കൊണ്ടോട്ടി സംവാദത്തിലൂടെ നേരിൽ കണ്ടതാണ്. ചേകന്നൂരിന്റെ വിഷലിപ്തമായ വാറോലകൾ മാത്രം വായിച്ചിട്ടുള്ള ഇവറ്റകൾക്കെന്ത് ഇസ്‌ലാം?! സാധാരണക്കാരെ അമ്പരപ്പിക്കാൻ അവിടെനിന്നും ഇവിടെനിന്നും ചില നമ്പറുകൾ കാണാപാഠം പഠിച്ച് വലിയ 'അല്ലാമ' ചമഞ്ഞ് നടക്കുന്ന നടത്തം കണ്ടാൽ തോന്നും അമ്പമ്പോ! ഇവർ തന്നെയാണ് എല്ലാം എന്ന്. എന്നാൽ ക്വുർആൻ ഓതാൻ പറഞ്ഞാലറിയാം ഇവരുടെ അറിവിന്റെ കോലം. ചേകന്നൂരിസത്തിൽ ചേകന്നൂർ മാത്രമാണ് ഇതിനൊരപവാദം. ചേകന്നൂർ പോയതോടെ അതും കഴിഞ്ഞു. അങ്ങിനെ പിശാചിന്റെ ആ നൗക കേരള മുസ്‌ലിം മഹാസമുദ്രത്തിൽ മുങ്ങാൻ ആരംഭിക്കുന്നതിനിടയിലാണ് അംഗുലീപരിമിതമായ ചില ചേകന്നൂർ ഭക്തന്മാർ ചേർന്ന് ആ പിശാചിന്റെ നൗകയെ താങ്ങി നിർത്താൻ ഒരു ശ്രമം നടത്തി നോക്കുന്നത്. അങ്ങനെയാണ് 1997ൽ 'ക്വുർആൻ ദർശനം' എന്ന പേരിൽ ഒരു മാസിക പ്രസിദ്ധീകരിക്കാൻ തുടങ്ങിയത്. എന്നാൽ ചേകന്നൂരികൾക്കിടയിൽ ആഞ്ഞുവീശിയ 'ഗോവിവാദം' മൂലം ആ ദർശനവും മുങ്ങി. (പശുവിവാദത്തെക്കുറിച്ച് വിശദമായി 'ചേകനൂരിസത്തിലെ പിളർപ്പുകൾ' എന്ന ലേഖനത്തിൽ വരുന്നു.) ശേഷം 'ക്വുർആൻ ട്രൂത്ത് ദർശനം' എന്ന പേരിൽ ഒരു സ്വാകാര്യ പ്രസിദ്ധീകരണം ഇപ്പോളവർ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. അതും പാതി മുങ്ങിയ നിലയിലാണ്!.